ഉത്തരം

(എ) 25-9-1986 മുതൽ

(ബി) 2,54,92,191 രൂപ.

(സി) 1,89,04,168 രൂപ.

കണ്ണട വാങ്ങുന്നതിനുള്ള ആനുകൂല്യം

1628. [2420] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 16-9-1985-ലെ ജി. ഒ. പി. നമ്പർ 515/85 ഫിൻ. ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം കണ്ണട വാങ്ങുന്നതിനായി 100 ഉറുപ്പിക അനുവദിച്ചുകൊണ്ട് 1960-ലെ ഉദ്യോഗസ്ഥൻമാരുടെ മെഡിക്കൽ അറ്റൻഡൻസ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ആനുകൂല്യം എല്ലാ സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്കും ബാധകമാണോ ;

(സി) ടി തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ 16-9-1985-ലെ ജി. ഒ. (പി) നമ്പർ 515/85 ഫിൻ.എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23-1-1986-ലെ ജി. ഒ. (പി) നമ്പർ 12/86/ആരോഗ്യ കുടുംബ വകുപ്പ് എന്ന ഉത്തരവനുസരിച്ചു അർഹതയുള്ള സർക്കാർ ജീവനക്കാർക്ക് കണ്ണട വാങ്ങാൻ പരമാവധി 100 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 1960-ലെ മെഡിക്കൽ അറ്റൻഡൻസ് റൂൾസ് തദനുസരണമായി ഭേദഗതി ചെയ്തിട്ടില്ല. ഇത് പുറകെ ചെയ്യുന്നതാണ്. പക്ഷെ, ഈ ആനുകൂല്യം കൈപ്പറ്റുന്നതിന് ഇത് തടസ്സമല്ല.

(ബി) 1960-ലെ കേരള മെഡിക്കൽ അറ്റൻഡൻസ് റൂൾ ബാധകമാക്കിയിട്ടുള്ള എല്ലാ സർക്കാർ ജീവനക്കാർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. അർദ്ധ സർക്കാർ ജീവനക്കാർക്ക് ഈ ആനുകൂല്യം ബാധകമാക്കുന്ന കാര്യം അതത് സ്ഥാപനങ്ങളാണ് തീരുമാനിക്കേണ്ടത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II അടിയന്തിര പ്രമേയം

കുരിയാർകുറ്റി-കാരപ്പാറ മുതലായ പദ്ധതികൾ മുടങ്ങിയതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം

മി. സ്പീക്കർ : Environmental Appraisel Committees മുമ്പാകെയും മറ്റും കേരളാ ഗവൺമെന്റ് കാണിക്കുന്ന അലംഭാവം കാരണം മലബാറിലെ കുരിയാർകുറ്റി-കാരപ്പാറ തുടങ്ങിയ പല ജലസേചനവൈദ്യുതി പദ്ധതികളും മുടങ്ങിപ്പോകുന്നതുമൂലം സംജാതമായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. കൃഷ്ണൻകുട്ടി, കെ. ഇ. ഇസ്മയിൽ, സി. ടി. കൃഷ്ണൻ, വി. സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, പാലക്കാട് ജില്ലയിലെ, പ്രത്യേകിച്ച് മലബാറിലെ വിവിധ ആവശ്യങ്ങളും ജലസേചന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏറ്റവും മഴ കുറവുള്ള കൊഴിഞ്ഞാമ്പാറ പ്രദേശത്തെ കൃഷിക്കാർക്ക് വെള്ളം കൊടുക്കുന്നതുകൂടി ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന ഗവൺമെൻറിൻെറ അനുവാദത്തോടുകൂടി വിദ്യുച്ഛക്തി ബോർഡ് ഏറെറടുത്ത ഒരു പദ്ധതിയാണ് കുരിയാർകുറ്റി-കാരാപ്പാറ പദ്ധതി. ഈ പദ്ധതി ഏറെറടുക്കുന്നതിന് ഗവൺമെൻറിന് അന്നും ഇന്നും രണ്ട് കാരണങ്ങളാൽ ഉൽസാഹമാണ്. മലബാറിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറുന്നതിന് എന്നും ഇടുക്കി ജില്ലയിൽനിന്ന് വിദ്യുച്ഛക്തി മലബാറിൽ എത്തിക്കുകയെന്നു പറയുന്നതിൻെറ ബുദ്ധിമുട്ടുകൊണ്ട് മലബാറിലെ ഏതാനും വൈദ്യുത പ്രോജക്ടുകൾ എടുക്കണമെന്നും, അതിൻെറ പ്രയോജനം അവിടത്തെ കൃഷിക്കാർക്ക് ലഭിക്കത്തക്ക രീതിയിൽ അതിലെ ജലം ഉപയോഗിക്കണമെന്നുമുള്ളതായിരുന്നു പ്രധാനകാര്യം. 200 മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനും, ഏതാണ്ട് ലക്ഷക്കണക്കിന് ഏക്കർ സ്ഥലത്ത് വെള്ളം കൊടുക്കാനും, കൊഴിഞ്ഞാമ്പാറ ഉൾപ്പെടെയുള്ള പാലക്കാട് ജില്ലയിൽ ഏതാണ്ട് ഒരുലക്ഷത്തിപതിനായിരം ഹെക്ടറോളം സ്ഥലത്ത് വെള്ളം കൊടുക്കുന്നതിനുംവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിക്കുവേണ്ടി വിദ്യുച്ഛക്തിബോർഡ് ഇതിനകംതന്നെ രണ്ട് രണ്ടര കോടിരൂപ ചെലവഴിച്ചു കഴിഞ്ഞു. ഈ പദ്ധതി ഏറെറടുക്കണമെന്ന് വളരെ പെട്ടെന്ന് തീരുമാനിക്കാൻ ഉണ്ടായ മറെറാരു കാരണം പാലക്കാട് ജില്ലയിലെ തന്നെ സുപ്രധാനമായ ഒരു പദ്ധതിയായ സൈലൻറ്വാലി പദ്ധതി താൽക്കാലികമായി ഉപേക്ഷിക്കേണ്ടിവന്നു എന്നുള്ളതുകൊണ്ടാണ്. സൈലൻറ്വാലി പദ്ധതി അവിടത്തെ പല കാരണങ്ങളാലും ഉപേക്ഷിക്കേണ്ടിവന്നു എന്നുള്ളതുകൊണ്ട് പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം പിന്നീട് ഏറെറടുക്കാൻ കഴിയുമെന്ന് കരുതപ്പെട്ട രണ്ട് പദ്ധതികളാണ് കാവേരിനദീജലപ്രശ്നവുമായി ബന്ധപ്പെട്ട് കിടക്കുന്ന കേരള ബോനിയും, കുരിയാർകുറ്റി-കാരാപ്പാറ പദ്ധതിയും. ഈ രണ്ട് പദ്ധതികളും ഏറെറടുക്കാൻ കഴിഞ്ഞില്ലായെങ്കിൽ പാലക്കാട് ജില്ലയിൽ ജലം കൊടുക്കാൻ മറെറാരു മാർഗ്ഗവുമില്ലായെന്നുള്ളതുകൊണ്ടാണ് സംസ്ഥാന ഗവൺമെൻറിനെ ഈ രണ്ട് പദ്ധതികളും ഏറെറടുത്ത് പൂർത്തിയാക്കണമെന്നു പ്രേരിപ്പിക്കുന്ന ചേതോവികാരത്തിലേക്കെത്തിച്ചത്. ഈ പദ്ധതി 200 മെഗാവാട്ട് വൈദ്യുതിയും, ഏതാണ്ട് ലക്ഷക്കണക്കിന് ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യവും കൊടുക്കുന്നതിനുവേണ്ടി ആഗ്രഹിച്ച ഈ പദ്ധതി ഇറിഗേഷൻ വകുപ്പും, അതുപോലെ വൈദ്യുതിവകുപ്പും മുന്നോട്ട് കൊണ്ടുപോയിയെങ്കിലും നിർഭാഗ്യവശാൽ ഇൻഡ്യാ ഗവൺമെൻറിൻെറ പരിസ്ഥിതിവകുപ്പിൻെറ നിർദ്ദേശപ്രകാരമോ, അല്ലെങ്കിൽ എതിർപ്പുമൂലമോ ഇന്ന് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിയിലാണ്. ഈയടുത്തകാലത്ത് മുഖ്യമന്ത്രിയും, ഞാനും ഡൽഹിയിൽ ബന്ധപ്പെട്ട ആളുകളുമായി ഈ കാര്യം സംബന്ധിച്ച് ചർച്ചചെയ്തു. ഞാൻ ഒരിക്കൽ നിയമസഭയിൽ പറഞ്ഞതുപോലെ വളരെ ശക്തമായും സംസ്ഥാന ഗവൺമെൻറിൻെറ വികാരം ഈ കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ പ്രദേശത്ത് ട്യൂബ്വെൽ ഉണ്ടാക്കി അവരുടെ പ്രശ്നം പരിഹരിക്കാം എന്നാണ് പരിസ്ഥിതിവകുപ്പ് പറഞ്ഞിരിക്കുന്നത്. കേരളത്തിൻെറ പ്രത്യേക സാഹചര്യത്തിൽ ട്യൂബുവെൽ അനുഗുണമാണോ എന്ന് പറയാൻ കഴിയുകയില്ല. കാരണം ഉപയോഗിച്ച പല ട്യൂബ്വെല്ലുകളുടെ കാര്യത്തിലും കുറെക്കാലം കഴിയുമ്പോഴേ വെള്ളമില്ലാതെ വരുന്നു എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

താണ്. പ്രത്യേകിച്ചും കിഴക്കൻ പ്രദേശങ്ങളിലെ സ്ഥിതി. തീരപ്രദേശങ്ങളിൽ കുറച്ചുകൂടി വ്യത്യസ്തമാണ്. അതുകൊണ്ട് കൊഴിഞ്ഞാമ്പാറയിൽ ജലത്തിന്റെ ആവശ്യത്തിനുവേണ്ടി ട്യൂബ് വെൽസ് ഉപയോഗിക്കുകയെന്നുള്ള പദ്ധതി രണ്ട് കാരണങ്ങളാൽ അപ്രായോഗികമാണെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. (1) ട്യൂബ് വെല്ലുകൾക്ക് ആവശ്യമുള്ള വൈദ്യുതി നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയാത്തിടത്തോളംകാലം കൂടുതൽ വൈദ്യുതി ഇതിനുവേണ്ടി ഉപയോഗിക്കേണ്ടിവരും. ട്യൂബ് വെല്ലുകളുടെ ഈഡിനെ സംബന്ധിച്ചിടത്തോളം ആർക്കും പ്രവചിക്കാൻ കഴിയാത്ത സാഹചര്യമാണ്. എത്രകാലം ട്യൂബ്വെല്ലുകളുടെ ഈഡ് നിലനിൽക്കുമെന്ന് പറയാൻ കഴിയുകയില്ല. ഇപ്പോഴത്തന്നെ കുഴിക്കുന്ന സ്ഥലങ്ങളിൽ വെള്ളമില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ ജോൺ പറഞ്ഞു, അത് ശരിയാണ്. ആ പരിതസ്ഥിതിയിൽ ട്യൂബ്വെല്ലുകൾ കൊഴിഞ്ഞാമ്പാറ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒട്ടും അനുഗുണമല്ല എന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സഭയുടേയും പാലക്കാട്ടേയും വികാരങ്ങൾ ഗവൺമെന്റ് പൂർണ്ണമായും മാനിക്കുന്നു, ഇനിയും മാനിക്കാൻ തയ്യാറാണ്, ഈ കാര്യം ഇന്നലേയും ഞങ്ങൾ ആലോചിച്ചു, മുഖ്യമന്ത്രിയുമായി ഇന്നും ഞാൻ ഈ കാര്യം ചർച്ച ചെയ്തു. ഈ കാര്യത്തിൽ അല്പം തന്നെ ശക്തമായ നടപടി സ്വീകരിക്കാമെന്നും, പ്രധാനമന്ത്രിയുമായി ചർച്ച ചെയ്യാമെന്നും, പാലക്കാട് ജില്ലയുടെ ആവശ്യമെന്ന നിലയിൽ ഈ പദ്ധതിക്ക് അംഗീകാരം തരണമെന്ന് തീർച്ചയായും പ്രധാനമന്ത്രിയോട് അഭ്യർത്ഥിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഈ അടിസ്ഥാനത്തിൽ നമ്മൾ ഈ പദ്ധതികൾ ഉപേക്ഷിച്ചിട്ടില്ല. ഇതുമായി മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. പാലക്കാട് ജില്ലയ്ക്ക് എന്തെങ്കിലും രക്ഷ വേണമെങ്കിൽ ഈ പദ്ധതികൾ എടുത്തേതീരൂ എന്നുള്ള നിഗമനത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്.

ശുദ്ധജല വിതരണം മാത്രമല്ല, കൃഷി ആവശ്യങ്ങൾ മാത്രമല്ല പാലക്കാട് ജില്ലയുടെ സമഗ്രമായ ഒരു മാറ്റത്തിന് ഇന്നുള്ള മലമ്പുഴ കൊണ്ടോ, അല്ലെങ്കിൽ മംഗലം പദ്ധതികൊണ്ടോ മാത്രം പോരാ എന്നുള്ള ഒരു നിലയാണ് ഇന്നുള്ളത്. കൊഴിഞ്ഞാമ്പാറയിലെ പ്രശ്നം അതിലും ഗുരുതരമായ ഒരു പ്രശ്നമാണ്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ഗവൺമെന്റിന് യാതൊരു ആലംഭാവവുമില്ല.

ഇവിടെനിന്ന് റിപ്പോർട്ടുകളും മറ്റും പോയില്ല എന്ന് അഭിപ്രായം പറഞ്ഞു. ഒരു ചെറിയ പ്രശ്നംകൂടിയുണ്ട്. നമ്മുടെ ഈ നിയമസഭയുടെ തന്നെ സബ്ജക്ട്സ് കമ്മിറ്റി-വനവും കാർഷികവകുപ്പും ഉൾപ്പെടുന്നത് എന്തോ നിർഭാഗ്യകരമായ കാരണത്താൽ ഈ പ്രോജക്ടിനെതിരായി ഒരു തീരുമാനമെടുത്തു. അത് പുനർചിന്തനത്തിനുവേണ്ടി ആ സബ്ജക്ട്സ് കമ്മിറ്റികൾ-വിദ്യുച്ചരക്തിയുടേയും, ജലസേചനത്തിന്റേയും, വനത്തിന്റേയും-ഒരുമിച്ച് കൂടണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഈ സഭതന്നെ ആ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി എടുക്കേണ്ട എന്നുള്ള ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഈ സഭ അംഗീകരിച്ചിരിക്കുന്നു എന്നാണ് നിയമപരമായി ഞാൻ മനസിലാക്കുന്നത്. ഞാൻ അതിനെ എതിർക്കുകയല്ല, പക്ഷേ ആ തീരുമാനം പുനരാലോചനയ്ക്ക് വിഷയീഭവിപ്പിക്കാൻവേണ്ടി ഈ കമ്മിറ്റികൾ സംയുക്തമായി കൂടണമെന്നു തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഈ നിയമസഭയുടെ അഭിപ്രായം രണ്ട് തരത്തിൽ ഉണ്ടായിരിക്കുന്നതിനെ ഒന്നിപ്പിക്കുന്നതിനുവേണ്ടി രണ്ടു കമ്മിറ്റികളും ഒന്നിച്ചുചേർന്നാൽ ഈ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാമെന്ന് കരുതുകയാണ്. ഉടനെതന്നെ ആ കമ്മിറ്റികളുടെ യോഗം വിളിച്ചുകൂട്ടാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആ നിലക്ക് ആ പ്രശ്നം പരിഹരിക്കാം. ഈ സഭയുടെ വികാരവും, ഈ സംസ്ഥാനത്തിന്റെ വികാരവും തീർച്ചയായും മുഖ്യമന്ത്രി തന്നെ പ്രധാനമന്ത്രിയെ ധരിപ്പിച്ച് ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കുന്നതിനും വേണ്ടി ശ്രമിക്കാം എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ വിയോജിപ്പില്ലാത്ത ഒരു കാര്യത്തിൽ നമുക്ക് സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല. അതിൽ ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായത്തോട് യാതൊരു വിയോജിപ്പോ, അഭിപ്രായവ്യത്യാസമോ ഈ ഗവൺമെന്റിനില്ല എന്നുള്ള നിലക്ക് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, അങ്ങയുടെ സഹതാപത്തിന് ആദ്യമായി നന്ദി പറയുകയാണ്. സഹതാപംകൊണ്ട് വല്ല കാര്യവും ഉണ്ടോ ? 1983 ഏപ്രിൽ 8-ാം തീയതി ഈ കമ്മിറ്റി റിപ്പോർട്ട് വന്നു. ആ റിപ്പോർട്ട് വന്നതിനുശേഷം ഈ ഗവൺമെന്റ് അതിന്റെ പേരിൽ എന്ത് നടപടിയാണ് എടുത്തത് ? ഒന്നാമതായി ഈ ഫോറസ്റ്റ് ആക്ട് വരുന്നതിനു മുമ്പ് തന്നെയാണ് ഈ പദ്ധതിക്ക് അനുമതി കൊടുത്തത്. ആ ഒറ്റ ക്ലാസ്സ് കൊണ്ടുതന്നെ ഇതിനുമുമ്പ് അനുമതി കൊടുത്ത പദ്ധതികൾക്കൊന്നും ഫോറസ്റ്റ് ആക്ട് ബാധകമല്ലായെന്നു പറയുന്നുണ്ട്. ഈ കമ്മിറ്റിയിൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശരിയായ വാദമുഖം ഉന്നയിച്ചില്ല എന്നാണ് എനിക്ക് പറയാനുള്ളത്. കുറെ പണവും കുറെ സ്വാധീനവും ഉണ്ടെങ്കിൽ ഇവിടെ എന്തും നടക്കുമെന്നുള്ള സ്ഥിതിയിലെത്തിയിരിക്കുകയാണ്. ഈ കമ്മിറ്റി റിപ്പോർട്ടിൽ രണ്ടുമൂന്നു പ്രധാനപ്പെട്ട കാരണങ്ങളുണ്ട്. 12-ാമത്തെ പേജിൽ പറയുന്നത് കുരിയാർകുറ്റി പദ്ധതി വന്നാൽ മൃഗങ്ങൾക്ക് കിഴക്കും, പടിഞ്ഞാറും പോകാൻ തടസ്സം വരും, അതുകൊണ്ട് ഈ പ്രോജക്ട് പാടില്ല എന്നുള്ളതാണ്. മറ്റൊന്ന് പുളിയ്ക്കലാറ് വന്നാൽ കാർഡമം എസ്റ്റേറ്റ് മുങ്ങിപോകും, അതുകൊണ്ട് അതും പാടില്ലായെന്നുള്ളതാണ്. മൂന്നാമതായി പറയുന്ന കാര്യം കാരപ്പാറ വന്നാൽ 18,000 ഹെക്ടർ കാർഡമം എസ്റ്റേറ്റും, കോഫീ എസ്റ്റേറ്റും മുങ്ങിപ്പോകും, അതുകൊണ്ട് അതും പാടില്ല എന്നാണ്. അതുമാത്രമല്ല, അതിന്റെ ലാൻഡ് അക്വിസിഷനെ സംബന്ധിച്ചിടത്തോളം, വില കൂടുതൽ വരും അതുകൊണ്ട് അത് പാടില്ല. ഇവിടെ ലാൻഡ് അക്വിസിഷനിൽ എന്താണ് പ്രശ്നം ? ഗവൺമെന്റ് ഭൂമിയാണ്. അത് ലീസിന് കൊടുത്ത ഭൂമിയാണ്. അതിൽ ലാൻഡ് അക്വിസിഷന്റെ പ്രശ്നമില്ല. എൻവയോൺമെന്റുകാർക്ക് ലാൻഡ് അക്വിസിഷന്റെ പ്രശ്നം സംസാരിക്കാൻ എന്താണവകാശം ? അവർ പരിസ്ഥിതിയെക്കുറിച്ചോ മറ്റു കാര്യങ്ങളെക്കുറിച്ചോ പറയട്ടേ ; ഇതിനൊന്നും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വാദമുഖം ഉന്നയിച്ചിട്ടില്ല. ഗവൺമെന്റിനെത്തന്നെ അവർ കുറ്റപ്പെടുത്തുന്നുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇതിന് ശരിയായ റിപ്പോർട്ട് കൊടുത്തിട്ടില്ല എന്നും പറയുന്നുണ്ട്. അത് ഗവൺമെന്റിന്റെ വീഴ്ചയല്ലേ ? 1981-ൽ ഈ പദ്ധതി ആരംഭിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് നിർത്തിവച്ചു. അതിനുശേഷം അവർ റിപ്പോർട്ട് ചോദിച്ചു. വേണ്ട സമയത്തൊന്നും അത് കൊടുത്തിട്ടില്ലായെന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുഴൽക്കിണറിന്റെ കാര്യം സൂചിപ്പിച്ചു. കുഴൽക്കിണറുകളിൽനിന്ന് ധാരാളം വെള്ളം കിട്ടുമെന്നാണ് അവരുടെ റിപ്പോർട്ടിൽ പറയുന്നത്. കിട്ടില്ല എന്നുള്ള റിപ്പോർട്ട് നിങ്ങളുടെ ഭാഗത്തുനിന്ന് അവതരിപ്പിച്ചോ ? ഉണ്ടായിട്ടില്ല. എല്ലാ സമ്മേളനത്തിലും കാളിംഗ് അറ്റൻഷൻ സമയത്ത് ചോദിക്കുമ്പോഴും ഇപ്പോഴും ചെയ്യാം, ഞാനും മുഖ്യമന്ത്രിയും അതിൽ ഇടപെടുന്നുണ്ട് എന്നു പറയുന്നതല്ലാതെ ഒരു നടപടിയും മുന്നോട്ടു പോകുന്നില്ല. മുഖ്യമന്ത്രിയാണെങ്കിൽ അവിടെ വരുമ്പോഴൊക്കെ പറയും നിങ്ങൾക്ക് കാരാപ്പാറ ഇതാ അനുവദിച്ചു എന്ന്. പക്ഷേ യാതൊരു നടപടിയും ഇവരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടില്ല.

സർ, അതുപോലൊരു പ്രധാന പ്രശ്നം, അവിടെ 6, 7 ഡാമുണ്ട്. അതിലൊക്കെ ധാരാളം വെള്ളമുള്ളതുകൊണ്ട് ഇതിൽ വരികയില്ല എന്നു പറഞ്ഞു. അതിന്റെ റിപ്പോർട്ടിന്റെ വേറൊരു ഭാഗത്തു പറയുന്നത് ആ ഡാമൊക്കെ പരാജയമാണ് അതുകൊണ്ട് ഇനി പുതിയ ഒരു ഡാം കെട്ടുന്നത് ശരിയല്ലന്നാണ്. ഈ റിപ്പോർട്ട് എന്ത് പഠിച്ചാണ് എഴുതിയത് എന്നറിയില്ല. പാലക്കാട് ജില്ലയിൽ കൊല്ലംക്കോട്ട് ഒരു താലൂക്കും, ചിറ്റൂർ ഒരു താലൂക്കും അങ്ങനെയൊരു താലൂക്കുള്ളതായി ഞങ്ങൾക്കറിയില്ല. അതുപോലെ ഒരുഭാഗത്തു പറയുന്നത് 17 മെഗാവാട്ട് വിദ്യുച്ഛക്തി എന്നു, മന്ത്രി ഇവിടെ പറയുന്നത് 200 മെഗാവാട്ട് എന്നുമാണ്. ഇതിലേതാണ് ശരിയെന്ന് നമുക്കറിയില്ല. ഈ കമ്മിറ്റിയിൽ വ്യക്തമായി ഈ പദ്ധതിക്കനുകൂലമായ റിപ്പോർട്ട് ഗവൺമെൻറിന്റെ ഭാഗത്ത് നിന്ന് ഇനിയും കൊടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് ഇത് നടക്കാത്തത്. ഗവൺമെൻറിനിതിൽ ആത്മാർത്ഥതയില്ല. അവിടെയുള്ള എസ്റ്റേറ്റ് മുതലാളിമാരുടെ സ്വാധീനവും അവരുടെ പ്രഗൽഭ്യവുമാണ് ഇതിനു കാരണം. അവരുടെ പേരുകൾ പറഞ്ഞാൽ ആക്ഷേപമാകും എന്നുള്ളതുകൊണ്ട് ഞാനിവിടെ പറയുന്നില്ല. ആരെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കു തന്നെയറിയാം. മന്ത്രിയൊരു മറുപടി പറഞ്ഞു, സബ്ജക്ട് കമ്മിറ്റി രണ്ടും കൂടി കൂടണമെന്ന്. അങ്ങയുടെ മുൻഗാമി ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്ന കാലത്ത് ഞാനെഴുതിക്കൊടുത്തു രണ്ടുകമ്മിറ്റിയും കൂടണമെന്ന്. ഇന്നുവരെ കൂടാൻ ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് തയ്യാറായിട്ടില്ല. ആരാണ് ഉത്തരവാദി ? ഈ കഴിഞ്ഞ കമ്മിറ്റിയിൽ ഞാനാണ് പറഞ്ഞത് 3-ാം തീയതി കൂടണമെന്ന്. 3-ാം തീയതി കൂടാമെന്ന് പറഞ്ഞ് അന്നും അത് മാറ്റി വയ്ക്കും. ഇത് കൂടില്ല. ഇവർക്ക് ഇതിൽ ആത്മാർത്ഥതയില്ല. ഇത് കൂടിയാൽ ഈ പദ്ധതി നടപ്പിലാകുമെന്ന തോന്നൽ അവർക്കുണ്ട്. ഈ ഫോറസ്റ്റ് കമ്മിറ്റിയിൽ ഇങ്ങനെയൊരു റിപ്പോർട്ടുമില്ല, പരാമർശവുമില്ല, തെറ്റിദ്ധരിക്കണ്ട. മന്ത്രി പറഞ്ഞ കാരണങ്ങൾകൊണ്ടു തന്നെ ഈ ചർച്ച ആവശ്യമാണ്. പൂയംക്കുട്ടി പദ്ധതിക്ക് അനുമതിക്കൊടുത്തു, ഇതിനെക്കാളും വലിയ കുഴപ്പമുണ്ട് മലബാറിൽ വരുമ്പോൾ മാത്രമേ ഈ പ്രശ്നമുള്ളൂ. അതുകൊണ്ട് മന്ത്രി പറഞ്ഞ കാരണങ്ങൾകൊണ്ടു തന്നെ ഈ ചർച്ച നടത്തണം. അല്ലെങ്കിൽ ഒരു പ്രോജക്ടും ഇവിടെ വരില്ലെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, Environmental കമ്മിറ്റിയുടെറിപ്പോർട്ട് ശരിയല്ലെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഒരു സ്പെഷ്യൽ കമ്മിറ്റിയെ ഇതിനുവേണ്ടി നിയോഗിച്ചിരുന്നു. ആ കമ്മിറ്റി ഇക്കാര്യങ്ങൾ പഠിച്ചതിനുശേഷം ശാസ്ത്രീയ റിപ്പോർട്ടുകൾ ശരിയല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ശാസ്ത്രീയമായ പഠന റിപ്പോർട്ടുകളിൽ കൊഴിഞ്ഞാമ്പാറയുടെ കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ലെന്നുള്ളതുകൊണ്ട് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഇലക്ട്രിസിറ്റിയായാലും വനം വകുപ്പായാലും ഗവൺമെന്റ് ഒന്നേയുള്ളു. ഗവൺമെന്റിന്റെ നിലപാടാണ് ഞാൻ പറഞ്ഞത്. ഓരോ വകുപ്പിനും പല അഭിപ്രായങ്ങളുണ്ടാകും, പക്ഷെ അത് ക്രോഡീകരിച്ചുകൊണ്ട് ക്യാബിനറ്റ് എടുത്ത ഒരു തീരുമാനമാണ് കുരിയാർകുട്ടി പദ്ധതി.

ശ്രീ. കെ. ഇ. ഇസ്മയിൽ : അന്നും ഇന്നും ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിൽ ബദ്ധശ്രദ്ധരാണ് ഈ ഗവൺമെന്റ് എന്ന് മന്ത്രി പറഞ്ഞു. 2.5 കോടിയിലേറെ രൂപ ചെലവഴിച്ചതിനുശേഷം അവിടെ പ്രവർത്തിച്ച ഇറിഗേഷന്റെയും ഇലക്ട്രിസിറ്റിയുടെയും ഓഫീസുകൾ അവിടെനിന്ന് എടുത്തുമാറ്റിയത് ഈ താല്പര്യം തുടർന്നുകൊണ്ടുപോകുന്നതിനാണോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ഇതിനകത്തൊരഭിപ്രായ വ്യത്യാസമില്ലാത്ത കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ഓഫീസിന്റെ കാര്യം, ഓഫീസ് അവിടെ നടക്കുന്നില്ലെന്ന് ബോദ്ധ്യമായാൽ അവരെ മാറ്റ് സ്ഥലങ്ങളിലേക്ക് മാറ്റി ജോലി കൊടുക്കുക എന്നുള്ളതാണ്. അവിടെ വെറുതെ വച്ച് ശമ്പളം കൊടുത്തിട്ട് കാര്യമില്ല. യാതൊരു ജോലിയും ആ സ്റ്റാഫിന് കാരപ്പാറ-കുരിയാർകുട്ടിയിൽ ചെയ്യാനില്ലെങ്കിൽ ജോലിയുള്ള സ്ഥലത്ത് വിടുക മാത്രമേ മാർഗ്ഗമുള്ളു. അതേ ചെയ്തുള്ളു. അത് എപ്പോഴും വേണമെങ്കിലും ജോലി ഉള്ളതായി വന്നാൽ തിരിച്ചു വിടാം. അതിനുവേണ്ടി എന്തിനാണ് വെറുതെ പണം ചെലവാക്കുന്നതെന്ന് വിചാരിച്ചാണ്. ഞാൻ നേരത്തെ പറഞ്ഞ "ഗവൺമെന്റ് ഓഫ് ഇൻഡ്യ" യുടെ Environmental വകുപ്പ് പറഞ്ഞതനുസരിച്ച് ഇവിടെ നമ്മുടെ സ്പെഷ്യൽ കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി പറഞ്ഞത് ഇത് ശരിയല്ലെന്നാണ്. ഞാൻ അത് വായിക്കാം. The special committee of experts have been constituted by the State Government and the committee has forwarded its recommendation pointing out the various alternatives to reduce the submergence. The committee has also highlighted the necessity of the scheme. The State Government is studying the recommendation of the committee and the matter will be taken up again with the Government of India vehimently as the scheme is the necessity for the whole Malabar area in general and the Palghat District in particular. ഇതാണ് ഗവൺമെന്റിന് ഇതിനെ സംബന്ധിച്ചുള്ള സ്റ്റാന്റ്. പാലക്കാട് ജില്ലയ്ക്ക് പ്രത്യേകിച്ചും മലബാറിലുള്ളതായ ഈ സ്കീമിൽ പറഞ്ഞിരിക്കുന്നത് ശരിയല്ലെന്നും വേണമെങ്കിൽ നമുക്ക് വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങൾ കുറയ്ക്കാമെന്നുമാണ്. പിന്നെ മൃഗങ്ങളെപ്പറ്റി ആരെങ്കിലും ഡൽഹിയിലിരുന്ന് പറഞ്ഞാൽ അത് ശരിയല്ല. നമ്മുടെ സംസ്ഥാനത്തുള്ള മൃഗങ്ങളെല്ലാം വെള്ളത്തിൽ കൂടെ നീന്തിപ്പോകുന്നവയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ആനയും, മ്ലാവും മറ്റുള്ള മൃഗങ്ങളുമെല്ലാം അങ്ങോട്ടുമിങ്ങോട്ടും നീന്തിക്കയറി പോകുന്നവയാണ്. അടുത്തുള്ള പറമ്പിക്കുളം, തൂണേരി ഡാം എന്നൊക്കെ പറയുന്ന സ്ഥലത്ത് മദ്രാസ് ഗവൺമെന്റിന് വെള്ളം കൊടുക്കുന്നതിനുവേണ്ടി വളരെ കൂടുതൽ ഏരിയ ഇപ്പോഴത്തെ Submerge ചെയ്തിട്ടുണ്ട്. അവിടെയുള്ള മൃഗങ്ങൾക്ക് യാതൊരു കുഴപ്പവുമുണ്ടായിട്ടില്ല. പറമ്പിക്കുളത്തുള്ള മൃഗസമ്പത്ത് അതിനുശേഷം വർദ്ധിച്ചിട്ടേയുള്ളു. ഡാം വന്നാൽ മൃഗസമ്പത്ത് വർദ്ധിക്കുമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ വിദഗ്ദ്ധൻമാരുടെ അഭിപ്രായം. കാരണം തേക്കടി എടുത്താലും ശരി, പറമ്പിക്കുളമെടുത്താലും ശരി, പമ്പയും ഇടുക്കിയു

LIBRARY ARCHIVES Kerala Legislative Assembly

മൊക്കെ എടുത്താലും ശരി അതിന്റെ പ്രദേശങ്ങളിലാണ് വന്യമൃഗങ്ങളെ ഇന്ന് കൂടുതലായി കാണാൻ കഴിയുന്നതെന്നുള്ളതാണ് സ്ഥിതി. അതു കൊണ്ട് ഡാം വരുന്നതുകൊണ്ടും, വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ടും മൃഗ സമ്പത്ത് നഷ്ടമാകുമെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ശരിയല്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട സഭയെയും മെമ്പറൻമാരെയും ഞാൻ അറിയിക്കുകയാണ്. അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി നിഷേധിച്ചിരിക്കുന്നു.

III ശദ്ധ ക്ഷണിക്കൽ

(1) ഭൂപരിഷ്ക്കരണ നിയമത്തിലെ 6 (സി) വകുപ്പ് എടുത്തുകളയാനുദ്ദേശിച്ചുകൊണ്ടുള്ള 1980-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബില്ലിന് കേന്ദ്രാനുമതി ലഭിക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്ത് ഈ സഭ പാസ്സാക്കി കേന്ദ്രത്തിന്റെ അനുവാദത്തിനു വേണ്ടി അയച്ചിട്ടുള്ള 6 (സി) യുടെ ഭേഗതിക്ക് അംഗീകാരം ലഭിക്കാത്തതുമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതി ഗവൺമെൻറിന്റെ ശദ്ധയിൽ പെടുത്താനാണ് ഞാനീയവസരം ഉപയോഗിക്കുന്നത്. നമ്മുടെ രാജ്യത്ത് ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതിനുശേഷം കുടികിടപ്പുകാർക്കും കൈവശകൃഷിക്കാർക്കും എല്ലാം അല്പം ആശ്വാസം പകരാൻ കഴിഞ്ഞിട്ടുണ്ടെന്ന സത്യം അംഗീകരിച്ചുകൊണ്ടാണ് ഇത് പറയുന്നത്. അത് ആരുടെയും ഔദാര്യം കൊണ്ടല്ലെന്നുകൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. നമ്മുടെ രാജ്യത്ത് കുടികിടപ്പുകാർക്ക് കിട്ടിയിട്ടുള്ള ഭൂമിയിൽത്തന്നെ, നിലവിലുള്ള കുടിലുകളിൽ അന്ന് പെറാറുവീണ കുട്ടികളടക്കം അവരെല്ലാം പ്രായമായി പ്രത്യേകം പ്രത്യേകം കുടുംബങ്ങളായി ആ കൂരയിൽത്തന്നെ ഞെങ്ങിഞെരുങ്ങി കഴിയുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ആ സ്ഥിതിവിശേഷം മനസ്സിലാക്കിക്കൊണ്ട് ഇതിന് അംഗീകാരം വാങ്ങിക്കേണ്ടതായിരുന്നു, അതിനുവേണ്ടി ഈ ഗവൺമെൻറ് എന്ത് ചെയ്തുവെന്ന് ഈ മന്ത്രി പറയണം. അതാണ് അതെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ മന്ത്രിമാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ആഴ്ചയിൽ രണ്ടും മൂന്നും തവണ ഡൽഹിയിൽ പോകുന്ന ആളുകളാണ്. ഇൻഡ്യൻ പ്രസിഡൻറിനെയും കേന്ദ്ര ഭരണാധികാരികളെയും ഒക്കെനേരിൽ കണ്ട് സംസാരിച്ച് സംതോഷണം ചെയ്യുന്ന ആളുകളാണ് നിങ്ങളും. എന്തുകൊണ്ട് ഈ 6 (സി) വകുപ്പിന്റെ ഭേഗതിക്ക് അംഗീകാരം തരണമെന്ന് ഇതുവരെ ആവശ്യപ്പെട്ടില്ല എന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സഭ്യസന്ധമായി ഈ സഭയിൽ വെളിപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ ലക്ഷംവീട് കോളനികളുണ്ട്. ആ ലക്ഷംവീട് കോളനിയിൽ ഇന്ന് ഒരു വീട്ടിൽ രണ്ട് കുടുംബമാണ് താമസിക്കുന്നത്. എന്റെ അഭിപ്രായം സ്വതന്ത്രമായി കഴിയണമെങ്കിൽ വീട് എത്ര ചെറുതായാൽപ്പോലും ഒരു കുടുംബത്തിന് ഒരു വീടെന്ന നിലയിൽ ആ വീട് പുനഃസ്ഥാപിച്ചുകൊടുക്കാനുള്ള സ്ഥലവും വീടും നമ്മുടെ നാട്ടിലു

LIBRARY ARCHIVES Kerala Legislative Assembly